


C F H S
KOTTIYAM
പറന്ന്...
പറന്ന്...
പറന്ന്...
EDUCATION
little
KITEs
CHILDREN'S FRIEND HIGH SCHOOL
KOTTIYAM KOLLAM



# സന്ദേശം

*നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള സി എഫ് എച്ച് എസിലെ ഐ ടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്" വിദ്യാർത്ഥികളിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ പുതിയ ജാലകങ്ങൾ തുറന്നിടുകയാണ്. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന "പറന്ന് പറന്ന് പറന്ന്"എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.*

പയസ് എം സി

ഹെഡ് മാസ്റ്റർ

# ആമുഖം

വിദ്യാഭ്യാസത്തിൻെറ ശാസ്ത്രീയതയും ക്രിയാത്മകതയും അനുദിനം നവീകരിക്കപ്പെടുന്ന ആഗോള സാഹചര്യമാണ് ഇന്നുള്ളത് . ഇത്തരം ഒരു സാഹചര്യത്തിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വിദ്യാഭ്യാസ പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധത്തിൽ നിന്നും പൊതുവിദ്യാ ഭ്യാസ വകുപ്പ് "ലിറ്റിൽ കൈറ്റ്സ് " എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നത്.

*സാങ്കേതിക രംഗത്തെ വിവിധ മേഖലയിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിനും ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം പുലർത്തുന്നതിനും ഈ പരിശിലനത്തിലൂടെ സാധ്യമാകുന്നു. സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ CFHS ലെ 'ലിറ്റിൽ കൈറ്റ്സ്' പദ്ധതിയിലൂടെ സാധിച്ചു എന്നതിൽ ഞങ്ങൾ ചാരിതാർഥ്യം കൊള്ളുന്നു.*

<u>**എഡിറ്റോറിയൽ ബോർഡ്**</u>

ബദരി നാഥ് വി ബി
കാർത്തിക് ആർ
അന്ന കാർത്തികേയൻ
സുബിൻ കുമാർ
സ്റ്റിജോ ഡൊമനിക്ക്
അജീഷ് എസ്



**ഉള്ളടക്കം**

മനുഷ്യനും പ്രകൃതിയും....6
മഴത്തുള്ളിയുടെ മൗനനൊമ്പരം....9
PEACE....10
പ്രകൃതി....11
വെള്ളപ്പൊക്കത്തിൽ....12
സിദ്ധാർത്ഥ മാനസം....13
Sweet father....14
പ്രളയകാലം....15
ഗ്രാമവിശുദ്ധി....16
EXPERT CLASS....19

# മനുഷ്യനും പ്രകൃതിയും

അനുകാർത്തികേയൻ -9 B

കൊല്ലം എന്ന അതിമനോഹരമായ ഒരു ജില്ലയിൽ വളരെ പണക്കാരനും പ്രകൃതിയെ നശിപ്പിക്കാൻ മാത്രംതുനിഞ്ഞിറങ്ങിയ ഒരു വ്യക്തിയുണ്ടായിരുന്നു .അദ്ദേഹം പ്രകൃതിയിലെ മരങ്ങളും ചെടികളും എല്ലാം വെട്ടി നശിപ്പിച്ച് വലിയ വലിയ ഫ്ളാറ്റുകളും മറ്റും പണിയുകയാണ് ചെയ്യുന്നത്.



അദ്ദേഹത്തിൻെറ പേരാണ് അഭിഷേക് .അദ്ദേഹം

പാവപ്പെട്ടവരുടെ കൃഷിത്തോട്ടങ്ങൾ അവരിൽ നിന്ന് തട്ടിയെടുക്കുകയും അവിടെ വലിയ വില്ലകളും മറ്റും പണിയുകയാണ് ചെയ്യുന്നത്.പാവപ്പെട്ടവർക്ക് യാതൊന്നും കൊടുക്കുകയും ഇല്ല .പക്ഷെ അതേനാട്ടിൽ നല്ല പ്രകൃതിസ്നേഹമുള്ള ഒരാൾ ഉണ്ടായിരുന്നു അന്നന്നത്തെ ആഹാരത്തിനുവേണ്ടി വേദനിക്കുന്നവരുടെ മനസ്സറിയാൻ കഴിവുള്ള ഒരാൾ ഉണ്ടായിരുന്നു .അദ്ദേഹത്തിൻെറ പേരാണ് അരുൺ .അരുണിന് ധാരാളം കൃഷിസ്ഥലങ്ങളും തോട്ടങ്ങളും പാടങ്ങളും ഒക്കെയുണ്ട്.അപ്പോഴാണ് അരുൺ തൻെറ നാട്ടിൽ തൻെറ കർഷകരുടെ പാടങ്ങൾ കൊള്ളപലിശയ്ക്കുവാങ്ങുന്ന ഒരാളെക്കുറിച്ച് അറിഞ്ഞത്. അതിനെതിരെ അവൻ പ്രതികരിക്കാൻ ഇറങ്ങിത്തിറങ്ങുകയും തൻെറ നാടിനും വീട്ടുകാർക്കും വേണ്ടി പോരാടാൻ തീരുമാനിക്കുകയും ചെയ്യുകയായിരുന്നു .അങ്ങനെഈ പ്രകൃതിയെ സംരക്ഷിക്കാൻ വേണ്ടി തൻെറവയലും ,തോട്ടങ്ങളും തിരികെവേണമെന്ന് ആവിശ്യപ്പെടുകയും അതിനുവേണ്ടി പോരാടുകയും ചെയ്യുകയാണ് ഇവർ . ഈ സ്ഥലങ്ങളിൽ വലിയ ഫാക്ടറികളും മറ്റും പണിയുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പക്ഷെ ഈ കർഷകർക്ക് ലഭിക്കാൻ ആവശ്യമായയാതൊന്നും കൊടുക്കാതെ അതിഗംഭീര പ്രൗഡിയുള്ള വീടുകളും ഒക്കെ പണിയുകയും മറ്റും ചെയ്യുകയാണ് . ആ നാട്ടിൽ നിർത്താതെ മഴ പെയ്തു. ആ നാട്ടിലെ ഡാം നിറയുകയും

ചെയ്തു. അങ്ങനെ ഡാമിലെ ഷട്ടർ തുറന്നപ്പോൾ വെള്ളം കയറി ആ നാടിനെ മുഴുവൻ വീഴുത്തുകയായിരുന്നു. ആ നാട് പ്രളയത്തിൽ മുങ്ങാൻ പോവുകയായിരുന്നു. അപ്പോൾ ആ കർഷകനും കുറച്ചുനാട്ടുകാരും കൂടി ചേർന്ന് വീടുകളിലും ഫ്ളാറ്റുകളിലും ഉള്ളവരെ രക്ഷിക്കുകയും ഇതു കണ്ട് കുറച്ചുനാട്ടുകാർ ഇവരുടെ കൂടെ ചേരുകയും ചെയ്തു. തന്റെ നാട്ടിൽ ഒരാപത്തുവരുമ്പോൾ ഒന്നിച്ചു പൊരുതണം എന്ന് പറഞ്ഞു കൊടുക്കുകയായിരുന്നു അരുൺ .അഭിഷേകിന്റെ ഫാക്ടറികളും ,ബിൽഡിങ്ങുകളും എല്ലാം വെള്ളത്തിൽ മുങ്ങിപ്പോയി .

അവസാനം അയാളുടെ സമ്പാദ്യം മുഴുവൻ പ്രകൃതി നശിപ്പിക്കുകയും ചെയ്തു .പിന്നെ അയാളെ രക്ഷിക്കുവാൻ അയാളുടെ ശത്രു തന്നെ വേണ്ടി വന്നു . തന്റെ പ്രിയസുഹൃത്തുകളെയും നാട്ടുകാരേയും രക്ഷിക്കാൻ മോട്ടോർ ബോട്ടുകൾ വലിയ വലിയ ലോറികൾ ഇറക്കി . ഇതിലൂടെ നമ്മുക്ക് കിട്ടുന്ന സന്ദേശം .പ്രകൃതിയെ നമ്മൾ നശിപ്പിക്കാൻ നോക്കിയാൽ പ്രകൃതി നമ്മെ നശിപ്പിക്കും . പിന്നെ നമ്മുക്ക്സന്ദേശം ഒത്തുപിടിച്ചാൽ എല്ലാം സ്വന്തമാക്കാം.

# മഴത്തുള്ളിയുടെ മൗനനൊമ്പരം



ആദ്യം ഞാൻ കടലിൽ കിടന്നു
പിന്നെ ഞാൻ മണ്ണിൽ കിടന്നു
മണ്ണില്ലിറങ്ങി ഞാൻ കിണറ്റിൽ
കിടന്നു
മനുഷ്യൻ എന്നെ എടുത്ത്
കുപ്പികളിലാക്കി

പിന്നെ എന്നെ മനുഷ്യൻ അടിമയാക്കി
മനുഷ്യൻ എന്നെ കളഞ്ഞു ശീലമാക്കി
ആയിരം വർഷങ്ങൾ മുമ്പ് ഞാൻ രാജാവിൻ -
കാല്വകളിൽ തൊട്ടുവണങ്ങി
എന്നിട്ടും എനിക്കീ അവസ്ഥ എങ്ങനെയുണ്ടായി

ആരെ വണങ്ങിയാലും ആരെ തൊട്ടാലും
വിലയില്ലാത്ത പഞ്ചഭൂതമായി ഞാനും
തീയിലിട്ട പൊള്ളിച്ചു അഴുക്കിലിട്ട തേച്ച്
മനുഷ്യൻേറ വായിലേക്ക് ഞാനും

എന്തുചെയ്താലും എന്നും മലിനമാകുന്ന -
തുള്ളികൾ ഞങ്ങൾ
എന്തുചെയ്താലും എന്നും മലിനമാകുന്ന -
തുള്ളികൾ ഞങ്ങൾ

# PEACE

***subin kumar .s***

peace comes in light and darkness
It is the calm state of heart
it comes from thedeep depth of heart
It is song .It is the song of soul
It lives unsung
It is the goal of life
It shed tear drops
It spread smiling
Peace is the goal of life
It is not only sorrow
But also joy
It is not only night
*But also morrow*

# പ്രകൃതി

നീല പന്തലിട്ടു  നീളെ
പുതു രാവിൻ മേഘങ്ങൾ
മേഘങ്ങൾക്ക് വർണ്ണമേകാൻ
വർണ്ണരാജി വിരിച്ചു സൂര്യൻ
സൂര്യന് സ്നേഹം പകരാൻ
കിളികൾ ഈണത്തിൽ പാടി
ഇതു കേട്ടു രസിച്ചു പൂക്കൾ
പൂക്കൾ വിടർന്നതു കണ്ടും
കേട്ടും പുളകമണിഞ്ഞു ഭൂമി
അങ്ങനെ ആനന്ദനൃത്തം
തുടരുന്നു പ്രകൃതി

-അമൽ ഉദയൻ



# വെള്ളപ്പൊക്കത്തിൽ



ഒരു പ്രഭാതത്തിൽ ആലപ്പുഴ ജില്ലയിൽ വെള്ളപ്പൊക്കം ഉണ്ടായി.
ആ വെള്ളപ്പൊക്കത്തിൽ വിനുവിൻെറ വീട് ഒലിച്ചുപോയി. വളരെ പാവപ്പെട്ട കുടുംബത്തിലെ ഒരു അംഗമാണ് വിനു. ഓല മെടഞ്ഞ വീടാണ് വിനുവിൻേറത്. അച്ഛൻ കൃഷിക്കാരൻ , അമ്മ വേലക്കാരിയും.
ആ വെള്ളപ്പൊക്കത്തിൽ വിനുവിന് വളരെ വിഷമം തോന്നി . വെള്ളപ്പൊക്കത്തിൽ നിന്ന്  അവരെ രക്ഷിക്കാൻ രക്ഷാസേനകളൊന്നും അതുവരെ എത്തിയിട്ടില്ല . വൈകുന്നേരം ആയപ്പോൾ സേനകൾ വന്നു അതുവരെവെള്ളത്തിലായിരുന്ന അവർ . വിനുവും കുടുംബവും ഹെലിക്കോപ്റ്ററിൽ കയറി പറന്നുപോയി . പക്ഷേ അവർക്ക് തെറ്റി; അത് സേനയുടെ ഹെലിക്കോപ്റ്റർ ആയിരുന്നില്ല ! അത് അന്യരാജ്യത്തു നിന്ന് വന്ന യുദ്ധ ഹെലിക്കോപ്റ്ററായിരുന്നു. വിനു നന്നായി പേടിച്ചു . അവർ അവൻെറ കുടുബത്തെ
ഭീക്ഷണിപ്പെടുത്തി . അവർ ചോദിച്ചു "വേഗം നിങ്ങളുടെ കൈയ്യിലെ പണമെല്ലാം എടുക്കു ". അവരുടെ കൈയ്യിൽ പണമില്ലായിരുന്നു . വിനു അപ്പോൾ തന്നെ പറഞ്ഞു "രാജ്യത്തിൻെറ സ്വത്ത് എടുക്കാൻ ശ്രമിക്കണ്ട ". അപ്പോൾ അവർ ആ കുടുബത്തെ ഹെലിക്കോപ്റ്ററിൽ നിന്നും താഴേക്ക് വലിച്ചെറിഞ്ഞു . അപ്പോഴേക്കും ഇടുക്കി ജില്ലയിൽ എത്തിയിരുന്നു . ഹെലിക്കോപ്റ്റർ ഇടുക്കി യിലെ വെള്ളം കെട്ടികിടക്കുന്ന സ്ഥലത്ത് എത്തി . താഴേക്ക് ആ കുടുംബം വീണത് ആ വെള്ളത്തിലായിരുന്നു . അതു കൊണ്ട് രക്ഷപ്പെട്ടു .കേരളത്തിലെ മത്സ്യത്തൊഴിലാളികൾ അവരെ രക്ഷിച്ചു . വെള്ളപ്പൊക്കം കഴിഞ്ഞപ്പോൾ ഗവൺമന്റ് അഞ്ച് ലക്ഷം രൂപകൊണ്ട് അവർക്ക് വീടു വച്ച് കൊടുത്തു. അച്ഛന് നല്ല ജോലിയും കിട്ടി . അങ്ങനെ അവർ ജീവിച്ചു .

-റിനോ ഗോഡ്സൺ

# സിദ്ധാർത്ഥ മാനസം

യശോധ തോറ്റത്
സിദ്ധാർത്ഥനോടോ
ശ്യാമബുദ്ധനോടോ
പ്രണയത്തോടോ
നിയതിയുടെ, ദിവ്യമാം
നിയോഗത്തോടോ!

പിൻവിളിയിൽ
പ്രലോഭനത്തിൽ
പ്രവാഹത്തിൽ
നിലാവിൽ
പൊരിവെയിലിൽ
ബുദ്ധൻ ത്യജിച്ചതും
യശോധര തേടിയതും
സിദ്ധാർത്ഥനെയായിരുന്നു

കാർത്തിക്.ആർ-

# Sweet father


-subin kumar

He works hard for my famili
What all I wand or I request
hewould
Bring it before my eyes
My father is intelligend
I wish to return all hi had
Done for me
Hold his hand over my shoulders
He cares, he loves
My father is god for me
I love my father verymuch.

# പ്രളയകാലം



Sherinsha IX A



ADISH PS-XA

# ഗ്രാമവിശുദ്ധി



SANDEEP XB



RINO GODSON---V B



BADARINATH V B---IX B



ABHISHEK M S-----X B



IJAS N---V B



NITHIN P-----VII B

# EXPERT CLASS









# നന്ദി

